പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4925

27.10.2016-ൽ മറുപടിക്ക്

## ചുറ്റുമുള്ള വയലുകൾ നികത്തപ്പെട്ടുപോയ തുണ്ടുപാടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വ്യാപകമായി കൃഷിയിറക്കാൻ സാദ്ധ്യമല്ലാത്ത വിധം ചുറ്റുമുള്ള വയലുകൾ നികത്തപ്പെട്ടുപോയ തുണ്ടുപാടങ്ങൾ ഇപ്പോഴും ആ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന വസ്തുത അംഗീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിൽ നിന്നും ഇത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. |
| (ബി) | ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനും, നികത്തുന്നത് തടയുന്നതിനുമായി ഇതുവരെ നികത്തപ്പെട്ടിട്ടില്ലാത്ത തുണ്ടുപാടങ്ങളെ അവയുടെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത്, നോട്ടിഫൈ ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്ത മാക്കുമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 5 പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നത് ബന്ധപ്പെട്ട കൃഷി ഓഫീസർമാർ കൺവീനർ ആയിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികളാണ്. ചട്ടം 4(2)(എ) പ്രകാരം നിയമം നിലവിൽ വരുന്ന സമയത്ത് നിയമത്തിന്റെ നിർവ്വചന ത്തിൽ ഉൾപ്പെടുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും ഡേറ്റാബാങ്കിൽ ഉൾപ്പെടുത്തേണ്ടി യിരുന്നു. അതിൽ തുണ്ടുപാടങ്ങൾ എന്ന് പ്രത്യേകം തരം തിരിച്ചിട്ടില്ല. |
| (സി) | വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ നഗര മേഖലകളിലെ ഇത്തരം വളരെ ചെറിയ പാടങ്ങൾ വലിയ പങ്ക് വഹിക്കുന്നതായി കരുതുന്നുണ്ടോ; ഇവയുടെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | റവന്യൂ വകുപ്പിൽ നിന്നും ഇത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.